"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- ഹരിതകർമ്മസേന മുഖേന വാർഡുകളിൽ നിന്ന് ശേഖരിച്ച പാഴ് വസ്തുക്കൾ എം.സി.എഫിൽ എത്തിക്കാൻ വണ്ടി വാടകയ്ക്കെടുത്ത വകയിൽ വാഹനത്തിന്റെ വാടക കുടിശ്ശിക നൽകാൻ ഒഴൂർ പഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**G.O.(Rt)No.637/2022/LSGD തീയതി,തിരുവനന്തപുരം, 15-03-2022**

---

പരാമർശം:-

1. ഒഴൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.12.2021--ലെ തീരുമാനം നമ്പർ 1/4.
2. മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 12.01.2022-ലെ കത്ത്.
3. 10.02.2022-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.36.

**ഉത്തരവ്**

ഒഴൂർ ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ നിന്ന് ഹരിതകർമ്മസേന മുഖേന ശേഖരിച്ച പാഴ് വസ്തുക്കൾ എം.സി.എഫിൽ എത്തിക്കാൻ, ക്വട്ടേഷൻ ക്ഷണിക്കാതെ വണ്ടി വാടകയ്ക്കെടുത്ത വകയിൽ വാഹനത്തിന്റെ വാടക കുടിശ്ശിക ഇനത്തിൽ നൽകുവാനുള്ള 1,02,310/- രൂപ നൽകുന്നതിന് ഒഴൂർ പഞ്ചായത്തിന് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് പരാമർശം (2) പ്രകാരം സമർപ്പിക്കപ്പെട്ട പരാമർശം (1) ന്റെ അടിസ്ഥാനത്തിലുള്ള അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിച്ചിരുന്നു.

2. ക്വട്ടേഷൻ വിളിക്കാതെ വാഹനം വാടകയ്ക്കെടുത്തത് വീഴ്ചയാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി യോഗം വിലയിരുത്തുകയും, ആയത് പരിശോധിച്ച് ബന്ധപ്പെട്ടവരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയും വാടക കുടിശ്ശികയായ തുക നൽകാൻ അനുമതി നൽകിയും പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഹരിതകർമ്മസേന മുഖേന വാർഡുകളിൽ നിന്ന് ശേഖരിച്ച പാഴ് വസ്തുക്കൾ എം.സി.എഫിൽ എത്തിക്കാൻ വേണ്ടി, വണ്ടി വാടകയ്ക്കെടുത്ത വകയിൽ വാഹനത്തിന്റെ വാടക കുടിശ്ശിക നൽകാൻ ഒഴൂർ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. ക്വട്ടേഷൻ വിളിക്കാതെ വാഹനം വാടകയ്ക്കെടുത്ത നടപടി പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് ബന്ധപ്പെട്ടവരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHIBI ABRAHAM
DEPUTY SECRETARY

പ്രസിഡന്റ് / സെക്രട്ടറി, ഒഴൂർ ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്